പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5853 — 28.03.2018 ൽ മറുപടിക്ക്

## എടവനക്കാട് പി.എച്ച്.സി -യെ സി.എച്ച്.സി -യായി ഉയർത്തുന്നതിന് നടപടി

| ചോദ്യം<br><br>ശ്രീ.എസ്.ശർമ്മ | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ സി.എച്ച്.സി നിലവിലില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജനസാന്ദ്രതയേറിയതും തീരദേശമെന്ന പ്രത്യേകതയും പരിഗണിച്ച് വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിലെ എടവനക്കാട് പ്രാഥമിക ആരോഗ്യകേന്ദ്രത്തെ സി.എച്ച്.സിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ? | വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ സി.എച്ച്.സി നിലവിലില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ സർക്കാർ പദവി ഉയർത്തുക എന്നതിനല്ല മുൻതൂക്കം നൽകുന്നത് സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും ഘട്ടം ഘട്ടമായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇപ്രകാരം ആർദ്രം പദ്ധതി പൂർണ്ണ രൂപത്തിൽ നടപ്പാക്കപ്പെടുമ്പോൾ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള എടവനക്കാട് പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ കുറവുകൾ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഒരു വികസന ബ്ലോക്കിൽ ഒരു സി.എച്ച്.സി.എന്ന തത്വം പ്രാവർത്തികമാക്കുന്നതു സംബന്ധിച്ച് GMP analysis നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ